പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2264

07/02/2019-ൽ ബഹു ധനമന്ത്രി മറുപടി നൽകേണ്ടിയിരുന്നത്

**ശബരിമല യുവതി പ്രവേശനവിധിയും നികുതി വരുമാനത്തിലെ കുറവും**

**ചോദ്യം**

**ശ്രീ.ആർ.രാമചന്ദ്രൻ**
**ശ്രീമതി.ഇ.എസ്.ബിജിമോൾ**
**ശ്രീ.കെ.രാജൻ**
**ശ്രീമതി.സി.കെ.ആശ**
**(ബഹു. എം.എൽ.എമാർ)**

**ഉത്തരം**

**ഡോ.ടി.എം. തോമസ് ഐസക്**
**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ശബരിമല യുവതി പ്രവേശനവിധി വന്നതിനെത്തുടർന്ന് സൃഷ്ടിക്കപ്പെട്ട സംഘർഷാവസ്ഥമൂലം സംസ്ഥാനത്ത് ഉണ്ടായ പൊതു മുതൽ നശീകരണം സ്വകാര്യ മുതൽ നശീകരണം തുടങ്ങിയവയുടെ കണക്കെടുപ്പും വിലയിരുത്തലും നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട് **220 കേസ്സുകളും സ്വകാര്യ മുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 347 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.** നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ മൂല്യം **96,39,346/- രൂപ എന്നും** നശിപ്പിക്കപ്പെട്ട സ്വകാര്യ മുതലിന്റെ മൂല്യം **2,05,78,955/- രൂപ എന്നും കണക്കാക്കിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സംഘർഷാവസ്ഥ വ്യാപാര മേഖലയിൽ ഉണ്ടാക്കിയ മാന്ദ്യം നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | പ്രസ്തുത സംഘർഷാവസ്ഥ നിമിത്തം നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ എന്നതിന്റെ ആധികാരിക വിവരങ്ങൾ ലഭ്യമല്ല. |
| (സി) | പ്രസ്തുത കോടതിവിധിയെത്തുടർന്നുളവായ സ്ഥിതിവിശേഷം ഒരു വിഭാഗം ജനങ്ങളുടെ ഉപജീവനത്തിനും വാണിജ്യ വ്യാപാര സാധ്യതകൾക്കും കോട്ടം തട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഒരു വിഭാഗം ആളുകളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള നിയമലംഘന പ്രവൃത്തികൾ മൂലം സംഭവിച്ചിട്ടുള്ള സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങൾ നിമിത്തം ജനങ്ങളുടെ ഉപജീവനത്തിനും വാണിജ്യ വ്യാപാര സാധ്യതകൾക്കും സ്വാഭാവികമായ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ മറ്റേതെങ്കിലും തരത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ? | സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായിട്ടുള്ള പ്രതികൂല സംഭവവികാസങ്ങൾ നികുതി വരുമാനത്തിന്റെ വളർച്ചയെ ബാധിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ